**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2259** **09-02-2023 - ൽ മറുപടിയ്ക്ക്**

**അമ്പായത്തോട്ടിലെ ഫ്രഷ്കട്ട് മാലിന്യ സംസ്കരണ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കട്ടിപ്പാറ പഞ്ചായത്തിൽ അമ്പായത്തോട്ടിൽ പ്രവർത്തിക്കുന്ന ഫ്രഷ്കട്ട് മാലിന്യ സംസ്കരണ കേന്ദ്രം മൂലം ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് .<br><br>പ്രശ്ന പരിഹാരം ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി നോട്ടീസുകൾ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ നിന്നും മേല്പടി സ്ഥാപനത്തിന് നൽകിട്ടുണ്ട് . ജനപ്രതിനിധികളുടെയും പൊതു പ്രവർത്തകരുടേയും സാനിധ്യത്തിൽ നിരവധി മധ്യസ്ഥ ശ്രമങ്ങളും നടത്തിയിട്ടുണ്ട് .29 .10 .2022 യൂണിറ്റിൽ DLFMC സംയുക്ത സമിതി അംഗങ്ങൾ പരിശോധന നടത്തുകയുണ്ടായി . പ്രസ്തുത പരിശോധനയിൽ ബോർഡ് മുൻ പരിശോധനകൾ പ്രകാരം നിർദ്ദേശിച്ചതായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഒട്ടുമിക്കതും പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട് എന്ന് വിലയിരുത്തി ട്ടുണ്ട്. ശുദ്ധീകരിച്ച മലിനജല സാമ്പിൾ പരിശോധിച്ചതിൽ നല്ല ഗുണനിലവാരമാണ് രേഖപ്പെടുത്തിയിട്ടുള്ളത് . വാഹനങ്ങൾ കഴുകുന്ന വെള്ളം ശുദ്ധികരിക്കുവാൻ വേണ്ടി നിലവിലുള്ള ETP Augment ചെയ്യുന്നതിനുള്ള നിർദ്ദേശം സ്ഥാപനത്തിന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയിട്ടുണ്ട് . |
| (ബി) | എങ്കിൽ ഇത് പരിഹരിക്കുന്നതിന് നൽകിയിട്ടുള്ള നിർദേശങ്ങൾ വ്യക്തമാക്കുമോ; | (ബി) | പ്രശ്ന പരിഹാരം ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി നോട്ടീസുകൾ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ നിന്നും മേല്പടി സ്ഥാപനത്തിന് നൽകിട്ടുണ്ട് . ജനപ്രതിനിധികളുടെയും പൊതു പ്രവർത്തകരുടേയും സാനിധ്യത്തിൽ നിരവധി മധ്യസ്ഥ ശ്രമങ്ങളും നടത്തിയിട്ടുണ്ട് .29 .10 .2022 യൂണിറ്റിൽ DLFMC സംയുക്ത സമിതി അംഗങ്ങൾ പരിശോധന നടത്തുകയുണ്ടായി . പ്രസ്തുത പരിശോധനയിൽ ബോർഡ് മുൻ പരിശോധനകൾ പ്രകാരം നിർദ്ദേശിച്ചതായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഒട്ടുമിക്കതും പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട് എന്ന് വിലയിരുത്തി ട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **ശുദ്ധീകരിച്ച മലിനജല സാമ്പിൾ പരിശോധിച്ചതിൽ നല്ല ഗുണനിലവാരമാണ് രേഖപ്പെടുത്തിയിട്ടുള്ളത് . വാഹനങ്ങൾ കഴുകുന്ന വെള്ളം ശുദ്ധീകരിക്കുവാൻ വേണ്ടി നിലവിലുള്ള ETP Augment ചെയ്യുന്നതിനുള്ള നിർദ്ദേശം സ്ഥാപനത്തിന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയിട്ടുണ്ട് .** |
| (സി) | മാർഗ്ഗ നിർദേശങ്ങൾ അനുസരിക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കുമോ? | (സി) | കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോള് ബോർഡ് 22-05-2019 തിയ്യതിയിൽ 31-10-2024 വരെയുള്ള വാലിഡിറ്റിയോട് കൂടി ടി സ്ഥാപനത്തിന് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്. പരാതിയുടെ അടിസ്ഥാനത്തിൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് അധികൃതർ പരിശോധന നടത്തി അപാകത പരിഹരിക്കാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. പൊല്യൂഷൻ കൺട്രോ**ൾ** ബോർഡിന്റെ തുടർ നിർദ്ദേശങ്ങൾക്കനുസൃതമായി കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ